# പതിമൂന്നാംകേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.94    14.06.2012 - ൽ മറുപടിക്ക്**

**ദേശീയപാതാ വികസനത്തിന് സ്ഥലമെട്ടുപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാതാ വികസനത്തിന് സ്ഥലമെടുപ്പ് ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;<br><br>(ബി) ഏതെല്ലാം മേഖലകളിലാണ് സ്ഥലമെടുപ്പും പണികളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്; | (എ) & (ബി) ദേശീയപാത 47 -ലെ സംസ്ഥാന ദേശീയപാതാ വിഭാഗത്തിനു കീഴിലുള്ള കരമന – കളിയിക്കാവിള റോഡ് 30.2 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരമന മുതൽ വഴിമുക്ക് വരെയുള്ള 12 കി.മീ. ദൂരത്തിന്റെ അലൈൻമെന്റ് 23.02.2012 -ലെ സ.ഉ.(സാധാ)നം.273/2012/ പൊമവ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം റവന്യൂ അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും വിട്ടുപോയ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി പുതിയ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. റവന്യൂ വകുപ്പിൽ നിന്നും 4(1) നോട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കലും റോഡ് പണിയും തുടങ്ങാൻ സാധിക്കുന്നതാണ്. |

ദേശീയപാത അതോറിട്ടിക്കു വിട്ടു നല്കിയിട്ടുള്ള ദേശീയപാത 17 -ന്റേയും 47-ന്റേയും വികസനത്തിനുള്ള സ്ഥലമേറ്റെടുക്കുന്നത് ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയാണ്. എൻ.എച്ച്. ആക്റ്റ് 1956 പ്രകാരമുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം യൂണിറ്റിന്റെ കീഴിൽ വരുന്ന ദേശീയപാത 47 -ന്റെ ഭാഗങ്ങൾ താഴെ പറയുന്നു:

1. ചേർത്തല-ഓച്ചിറ (കി.മീ.379/100 മുതൽ കി.മീ. 465/000 വരെ) നാലുവരി/ആറുവരി പാതയാക്കി വികസിപ്പിക്കുക.
2. ഓച്ചിറ-കഴക്കൂട്ടം (കി.മീ. 465/000 മുതൽ കി.മീ.551/900 വരെ) നാലുവരി/ആറുവരി പാതയാക്കി വികസിപ്പിക്കുക.
3. തിരുവനന്തപുരം-കേരള/ തമിഴ്നാട് അതിർത്തി (തിരുവനന്തപുരം ബൈപ്പാസ് കി.മി.00/000 മുതൽ കി.മീ.43/000 വരെ) നാലുവരി/ആറുവരി പാതയാക്കി വികസിപ്പിക്കുക.

ഈ ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള 3A(1) വിജ്ഞാപനം ഭാരത സർക്കാർ ഗസറ്റിൽ 29.03.2012, 27.03.2012, 22.03.2012 എന്നീ തീയതികളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയുടെ കൊച്ചി യൂണിറ്റിന്റെ കീഴിൽ വരുന്നത് ദേശീയപാത 17 -ന്റെ കുറ്റിപ്പുറം-ഇടപ്പള്ളി ഭാഗം ആണ്. ഈ ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 3A വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് പുരോഗമിച്ചതിന് ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയുടെ പാലക്കാട് യൂണിറ്റിന്റെ കീഴിൽ വരുന്ന ദേശീയപാത 47 -ന്റ വാളയാർ മുതൽ വടക്കഞ്ചേരി വരെ (കി.മീ.182.250 മുതൽ കി.മീ.240 വരെ) നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്. പണിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയപാത 47 -ന്റെ വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെ (കി.മീ.240 മുതൽ കി.മീ. 270 വരെ) ആറുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള സ്ഥലമെടുപ്പ് 90% പൂർത്തിയായിട്ടുണ്ട്. ആഗസ്റ്റ് 2009 -ൽ പണി കരാറേല്പിച്ചുവെങ്കിലും സ്ഥലവിലയിൽ വർദ്ധന ആവശ്യപ്പെട്ട് ജനങ്ങൾ പ്രതിഷേധമുയർത്തുന്നതിനാൽ പണി തടസ്സപ്പെട്ടിട്ടുണ്ട്.

തൃശ്ശൂർ മുതൽ അങ്കമാലി വരെ (കി.മീ.270 മുതൽ കി.മീ.316.7 വരെ) നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനും അങ്കമാലി മുതൽ ഇടപ്പള്ളി വരെ (കി.മീ.316.7 മുതൽ കി.മീ.342 വരെ) അഭിവൃദ്ധിപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള സ്ഥലം ഏറ്റെടുക്കുകയും പണിപൂർത്തിയാക്കി 'Provisional Completion Certificate' നൽകിയിട്ടുമുണ്ട്. 09.02.2012 -ൽ ടോൾ പിരിവ് ആരംഭിച്ചിട്ടുണ്ട്.

ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയുടെ കോഴിക്കോട് യൂണിറ്റിന്റെ കീഴിൽ വരുന്നത് ദേശീയപാത 17 -ന്റെ കേരള/കർണ്ണാടക അതിർത്തി മുതൽ കുറ്റിപ്പുറം വരെയുള്ള (കി.മീ.17.200 മുതൽ കി.മീ.318.00 വരെ) ഭാഗത്തിന്റെ വികസനമാണ് ഇതിൽ കാസറഗോഡ്, കണ്ണൂർ ജില്ലയിലെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ തുടർന്നു വരുന്നു. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പൊതുജനങ്ങളുടെ പ്രതിഷേധം കാരണം പണി തടസ്സപ്പെട്ടിരിക്കുന്നു.

ദേശീയപാത – 208, 212, 213, 220, 49 എന്നീ പാതകൾ എൻ.എച്ച്.ഡി.പി. നാലാംഘട്ടത്തിൽ ഉൾപ്പെടുത്തി പി.പി.പി.വ്യവസ്ഥയിൽ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപാതയായി വികസിപ്പിക്കുന്നതിനുള്ള സാധ്യതാപഠനങ്ങൾ പുരോഗമിച്ചു വരുകയാണ്.

| | | | |
|---|---|---|---|
| (സി) | ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ഏതു തരത്തിലാണ്; | (സി) | എൻ.എച്ച്.17 ഉം, എൻ.എച്ച്.47 ഉം എൻ.എച്ച്.എ.ഐ, ബി.ഒ.റ്റി (Build Operate and Transfer) വ്യവസ്ഥയിലാണ് നടപ്പിലാക്കുന്നത്. എൻ.എച്ച്.208, 212, 213, 220, 49 പാതകൾ ഡി.ബി.എഫ്.ഒ.റ്റി. (Design Build Finance Operate and Transfer) വ്യവസ്ഥയിൽ പൊതുജന സ്വകാര്യ പങ്കാളിത്തത്തോടെയാണ് (Public Private Partnership) നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പാതകളിൽ ടോൾ പിരിവ് ഉണ്ടാകുമോ; എങ്കിൽ എത്ര സ്ഥലങ്ങളിലാണ് ടോൾ പിരിവ് ഉണ്ടാകാൻ സാധ്യതയുള്ളത്? | (ഡി) | ടോൾ പിരിവ് ഉണ്ടാകും. ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം യൂണിറ്റിന്റെ കീഴിലുള്ള ദേശീയപാത 47-ലെ ടോൾപിരിവ് ഉണ്ടാകുന്ന സ്ഥലങ്ങൾ പണിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായതിനു ശേഷമേ തീരുമാനിക്കുകയുള്ളൂ. എൻ.എച്ച്.17 -ലെ കുറ്റിപ്പുറം - ഇടപ്പള്ളി ഭാഗത്ത് രണ്ട് സ്ഥലത്ത് ടോൾ പിരിക്കുന്നതിനാണ് നിർദ്ദേശമുള്ളത്. എൻ.എച്ച്.47 -ലെ വാളയാർ-വടക്കഞ്ചേരി ഭാഗത്തെ കി.മീ.189+400 കനാൽ പിരിവ്-ൽ ടോൾ പിരിക്കുന്നതിന് നിർദ്ദേശമുണ്ട്. എൻ.എച്ച്.47 - ലെ വടക്കഞ്ചേരി തൃശ്ശൂർ ഭാഗത്തെ കി.മീ.243+050 വടക്കഞ്ചേരിയിൽ ടോൾ പിരിക്കുന്നതിന് നിർദ്ദേശമുണ്ട്. എൻ.എച്ച്.47 - ലെ തൃശ്ശൂർ-ഇടപ്പള്ളി ഭാഗത്തെ കി.മീ.278+000 പാലിയക്കരയിൽ 08.02.2012 – മുതൽ ടോൾ പിരിവ് തുടങ്ങിയിട്ടുണ്ട്. |

ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയുടെ കോഴിക്കോട് യൂണിറ്റിന്റെ കീഴിലുള്ള എൻ.എച്ച്.17 - ൽ താഴെപ്പറയുന്ന നാലു സ്ഥലത്ത് ടോൾ പിരിക്കുന്നതിന് നിർദ്ദേശമുണ്ട്:

1. Ch 77.000 (Pollakkada)
2. Ch 137.000 (Dharmasala)
3. Ch 189.000 (Kunhipally)
4. Ch 291.000 (Swagathamedu)

എൻ.എച്ച്. 208, 212, 213, 220, 49 പാതകളിൽ ടോൾ പിരിവ് ഉണ്ടാകുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ സാധ്യതാപഠനം പൂർത്തിയായതിനു ശേഷമേ അറിയുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ